# പള്ളികഥകൾ

## മിനികഥകൾ അന്പത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, സാറായുടെ കഥയാണ് പറയുന്നത്. ഇത് സാറായുടെ കുമ്പസാരമാണ്. കുമ്പസാരം ആരോടും പറയാതെ രഹസ്യമായി വെച്ചിരിക്കേണ്ടതാണ്. എന്നാൽ ഇത് ഒരു കുമ്പസാരംകൃത്യമായി ചെയ്യാതെ പരസ്യമായ രഹസ്യമായി സാറാ സ്വയം പറഞ്ഞതാണ്.

# തൃഷ്ണ

അമേരിക്കയിലെ ഒരു എഴുപതിനുമേൽ പ്രായമുള്ള വിവാഹിതനായ ഇടവക വികാരിയോട് സാറാ പറഞ്ഞതാണ്. മോഹനൻ അച്ചൻ വിവാഹിതനും മൂന്നു മക്കളുടെ പിതാവുമാണ്. മക്കളുടെ എല്ലാം വിവാഹവും കഴിഞ്ഞ് ഫുൾ ടൈം വികാരിയായി ഇപ്പോൾ ജോലി ചെയ്യുകയാണ്. അദ്ദേഹത്തിന്റെ ഭാര്യയും അദ്ദേഹത്തോടൊപ്പം പാഴ്സനേജിൽ താമസിക്കുന്നുണ്ട്. ഒരു ദിവസം ഇടവകയിലെ ഒരു അംഗമായ സാറാ അച്ചനെ വിളിച്ച് അപ്പോയിന്റും വാങ്ങി വന്നതാണ്; അച്ചനോട് മാത്രമായ് അവളുടെ ജീവിത കഥ പറയാനായ്.

സാറാ അറുപത്തിഞ്ചിനു മുകളിൽ പ്രായമുള്ള മാന്യയായ ഒരു സ്ത്രീയാണ്. ദീഘ്കാലമായ് മത്ത്മറിയം സമാജത്തിന്റെ സെക്രട്ടറിയാണ്. സൺഡേസ്ക്കൂളിന്റെ ഹെഡ്മിസ്ട്രസാണ്, ആ ദേവാലയത്തിന്റെ എല്ലാമെല്ലാമാണ്. പള്ളിക്ക് ധാരാളമായ് പണം വാരികൊടുക്കുന്നയാളാണ്. ഏകദേശം മുപ്പത്തിമൂന്നു വയസുള്ള ഒരു മകളും, അവൾക്ക് രണ്ട് കുട്ടികളുമുണ്ട്. ചുരുക്കത്തിൽ, സാറാ ഒരു വല്ല്യമ്മച്ചിയാണ്.

അവളുടെ ജീവിത കഥ ആരോടെങ്കിലും മരിക്കുന്നതിന് മുമ്പ് തുറന്നു പറയണമെന്ന് അവൾക്ക് വളരെക്കാലമായുണ്ടായ ആഗ്രഹമാണ്. പല ദിവസങ്ങളിലായി ആലോചിച്ചതിനു ശേഷമാണ് ഇത്രയും പ്രായമുള്ള, പക്വതയുള്ള വികാരിയച്ചനോട് പറയാൻ അവൾ തീച്ച്പ്പെടുത്തിയത്. ഇവിടെ അവളുടെ പേരു മാറ്റിയാണ് എഴുതുന്നത്. അവളുടെ ഈ ജീവിതകഥ പ്രസിദ്ധീകരിക്കുന്നതിൽ അവൾക്ക് സന്തോഷമേയുള്ളു. പക്ഷേ, അവളുടെ പേരു മാറ്റിയേ പ്രസിദ്ധീകരിക്കാവൂ എന്നവൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ഒരു പള്ളിയുടെ വളരെ അടുത്ത് താമസിച്ചിരുന്നതു കൊണ്ടാവാം, ഓമ്മ്വെച്ച നാൾ മുതൽ അവൾ പള്ളിയിൽ നിത്യം പോകുന്ന ഒരു വ്യക്തിയായി തീന്ന്ത്. സ്ക്കൂളിൽ പോകുക, പഠിക്കുക, പള്ളിയിൽ പോകുക, നിത്യം ഭവനത്തിലായാലും പള്ളിയിലായലും പ്രാത്ഥിക്കുക ഇതു മാത്രമായിരുന്നു ചെറുപ്രായത്തിലെ അവളുടെ നിത്യകൃത്യങ്ങൾ. സ്ക്കൂളിൽ പോയാൽ മാത്രം പോരാ, ക്ലാസിലെ ഏറ്റവും കൂടിയ മാക്ക് വാങ്ങുക അതും അവളുടെ ആ കാലഘട്ടത്തിലെ തൃഷ്ണയായിരുന്നു. അങ്ങിനെ അവൾ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ ആ ക്ലാസ്സിലേതു കൂടാതെ നാലാം ക്ലാസ്സിലേയും അഞ്ചാം ക്ലാസ്സിലേയും അവസാന പരീക്ഷയുടെ ചോദ്യോത്തരങ്ങൾ എല്ലാം ഏറ്റവും കൂടുതൽ മാക്ക് വാങ്ങി. ഇങ്ങനെ പല ക്ലാസ്സിലും അവൾ തുടന്ന്തിനാൽ പലക്ലാസ്സിലും അവൾക്ക് ഡബിൾ പ്രമോഷൻ കിട്ടാൻ ഇടയായി.

പ്രായം മാറി മാറി വന്നു. ഋതു ഭേദങ്ങൾ നടന്നു. ഋതുമതിയാകും മുമ്പെ വികൃതികളായ സതീത്ഥ്യർ അഭ്യസിച്ച ലൈഗികാഭ്യാസങ്ങൾ പഠിപ്പിക്കാൻ അവളെ ക്ഷണിച്ചു. അംഗുലീഹസ്ത പ്രയോഗം നടത്താത്ത സ്ത്രീ പുരുഷന്മാർ ഈ ലോകത്തില്ലെന്നവളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചത് പാഴ്‌വേലയായി. അവൾക്ക് പഠിക്കണം അതായിരുന്നു ആ കാലഘട്ടത്തിലെ അവളുടെ ഏറ്റവും വലിയ തൃഷ്ണ.

അവൾ ഋതുമതിയാത് മനസ്സിലാക്കാൻ അവൾക്ക് കഴിഞ്ഞില്ല. അപ്രതീക്ഷതിതമായ് ഒരു അവധിക്കാലത്തുണ്ടായ രക്തസ്രാവം അവളെ പരിഭ്രാന്ത ചിത്തയാക്കി. ഷീശാനത്തിൽ നിന്നാൽ ഒരു പക്ഷേ ഉപരിതലത്തിലേക്ക് മാറുമോ എന്നവൾ ആലോചിച്ച്, കരഞ്ഞ് മുറിയുടെ മൂലയിലിരുന്ന അവളെ അമ്മ കണ്ടു. കാര്യം പറയാതെ വിലപിച്ചിരിക്കുന്ന മകളെ ശ്രദ്ധിച്ചപ്പോളാണ് അവൾ ഒരു സ്ത്രീയായ വിവരം അവർ മനസ്സിലാക്കുന്നത്. അവളെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ അവർ വളരെ പ്രായാസപ്പെട്ടു. പ്രഭാതം മുതൽ പതിവില്ലാതെ ഉദരവേദന സഹിക്കവയ്യാതെ അവൾ വിഷമിച്ചിരുന്നു. ഇപ്പോൾ അവൾക്ക് മനസ്സിലായി ഈ ലക്ഷണം വന്നാൽ എന്തു ചെയ്യണമെന്ന്. സ്ത്രീകൾക്ക് ദൈവം കൊടുത്ത ശിക്ഷയായി അവൾ അതിനെ കരുതി.

ഹൈസ്ക്കൂൾ കഴിഞ്ഞ് ഉപരിവിദ്യാഭ്യാസം കലാശാലകളിലായി. ആധുനീക വിദ്യയായ കമ്പ്യൂട്ടർ സയൽസിൽ തന്നെ അവൾ വൈദഗ്ദ്ധ്യം നേടി. പിന്നീട് ഉദ്യോഗം കിട്ടാനായി തിരക്കിട്ടു. ഉദ്യോഗത്തിൽ കയറിയപ്പോൾ അവിടെ അത്യുംഗ ശൃംഗത്തിലേറാൻ തൃഷ്ണയായി. പ്രാത്ഥനയും പരിശ്രമവും കഠിനാദ്ധ്വാനവും ഒരിക്കലും വൃഥാവിലാകത്തില്ലന്നവൾ വ്യക്തമാക്കി. എത്താവുന്നതിന്റെ പരമ തീരത്തിലെത്തിയപ്പോൾ പുതിയ തൃഷ്ണയായി. അപ്പോഴേക്കും പ്രായം മുപ്പത്തിയൊന്നായി.

ഈ ലോകം പരക്കം പായുന്ന ലൈഗികത്തെപറ്റിയറിയാനായി അവളുടെ തൃഷ്ണ. ഒരു സ്ത്രീ കാമാവേശിതയായാൽ എങ്ങിനെയെന്നവൾ മനസ്സിലാക്കി. പശു ആണെങ്കിൽ എന്തു ചെയ്യുമെന്നവൾക്കറിയാം. എന്നാൽ മനുഷസ്ത്രീയാണെങ്കിൽ എന്തു ചെയ്യാൻ സാധിക്കും. മനുഷ്യസ്ത്രീക്ക് കാമഭ്രാന്തു വന്നാൽ, അതിന് ശമനം വരുത്താൻ എന്തു ചെയ്യും? എന്തും ചെയ്യും. അവൾക്ക് ആ പ്രായത്തിലാണ് കാമപനി വന്നത്. കൗമാരക്കാലത്ത് വികൃത്തിത്തരംപറയുകയാണെന്ന് സതീത്ഥ്യുപദേശംപ്രയോഗിച്ചിട്ടും പരിപൂണ്ണ ശമമനം ലഭിച്ചില്ല. എന്നാൽ ഭത്തൃമതിയായി ഒരു ജീവിതകാലം മുഴുവനും ഒരു പുരുഷന് ജീവിതം അടിമത്വം വെച്ച് പരീക്ഷിക്കാൻ അവൾ തയാറല്ലായിരുന്നു. മലയാളികളേയും ഇന്ത്യാക്കാരേയും പരീക്ഷിച്ചു. അവർ അവരുടെ കാര്യം കണ്ടിട്ട് പോകുന്ന കേവലം സ്വാത്ഥമതികളാണെന്ന് അവൾക്ക് മനസ്സിലായി. വിവാഹം കഴിക്കാൻ വരുന്നവരോട് നിന്റെ ഇണയെ എല്ലാവിധത്തിലും സന്തുഷ്ടയാക്കാമോയെന്നു ചോദിച്ചാൽ അവളെ ചുറ്റുപാടുമുള്ള സമൂഹം ആക്ഷേപിക്കും. മജ്ജയും മാംസവുമുള്ള സ്വന്തം ശരീരത്തന്റെ ഒരവയവമായ ഇണയെ സന്തുഷ്ടയാക്കണമെന്ന വിചാരം ഈ മനുഷ്യക്കില്ല. ശരീരത്തിന്റെ എല്ലാ അവയവങ്ങളേയും സന്തുഷ്ടരാക്കിയില്ലങ്കിൽ അവർ വിവരമറിയും. അവസാനം പൗരസ്ത്യരിൽ നിന്നും ലഭിക്കാതിരുന്നത് പാശ്ചാത്ത്യരിൽ നിന്നും കിട്ടിയപ്പോൾ മനസ്സിലായി, എന്തുകൊണ്ടാണ് മലയാളി പെണ്ണുങ്ങൾ തെമ്മാടികളായ പാശ്ചാത്യരുമായി ജീവിതം പങ്കിടാൻ തെയ്യാറാകുന്നതെന്ന്.

പിന്നീട് സ്വന്തമായി ഒരു കുഞ്ഞിനെ ഗ്ഭം ധരിച്ച്, ലോകത്തിലെ വേദനകളിൽ അതിശ്രേഷ്ഠമായ, അതി കഠിനമായ, പ്രസവവേദനയനുഭവിച്ച് ജന്മം നൽകണമെന്ന തൃഷ്ണയായി. അങ്ങിനെ എല്ലാ തൃഷ്ണകൾക്കും പരിസമാപ്തിയായപ്പോൾ അവൾ ജീവിതം പരിപൂണ്ണം പഠിച്ച ഒരു വ്യക്തിയായി. ഇപ്പോൾ അവൾ സ്വന്തം മകളുടേയും കൊച്ചു മക്കളുടേയും വിരൽചൂണ്ടലിന് വിധേയായി ഒരു പരിഹാസ പാത്രമായി. അവൾ അച്ചന്റെ മുമ്പിലിരുന്ന് കൊച്ചുകുഞ്ഞുങ്ങളെപോലെ വിതുമ്പി.